LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമനിധി ബോർഡുകൾ

236 (2791) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ക്ഷേമനിധി ബോർഡുകളുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ;

(ബി) ലാഭത്തിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്നവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തൊഴിൽ വകുപ്പിന്റെകീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ചുവരുന്നു. അവ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി)

1. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ്
2. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്
3. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്
4. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്
5. കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് ക്ഷേമനിധി ബോർഡ്
6. കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്

(സി)

1. കേരള കർഷക തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്
2. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്
3. കേരള ഈറ്റ, തഴ, കാട്ടുവള്ളി ക്ഷേമനിധി ബോർഡ്
4. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

5. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

6. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

7. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

8. കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്

9. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

മിനിമം വേതനം

237 (2792) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിനിമം വേതനം എത്ര തൊഴിൽ മേഖലകളിൽ ഇപ്പോൾ നൽകി വരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവ പുതുക്കി നിശ്ചയിച്ചത് എന്നാണ് ;

(സി) ഓരോ മേഖലയിലും മിനിമം വേതനം ഇപ്പോൾ എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഇതുവരെ 74 തൊഴിൽ മേഖലകളിലാണ് മിനിമം വേതനം നിശ്ചയിച്ച് നടപ്പാക്കിയിട്ടുള്ളത്.

ക്രമ നമ്പർ	തൊഴിൽ മേഖല	അവസാനമായി മിനിമം വേതനം പുതുക്കിയ തീയതി
(1)	(2)	(3)
1	ലൈറ്റ് മോട്ടോർ വെഹിക്കിൾസ്	21-5-2008
2	ടിംബർ & പ്ലൈവുഡ് ഇൻഡസ്ട്രീസ്	2-6-2008
3	ആയുർവേദിക് & അലോപ്പതിക് മെഡിസിൻ	7-7-2008

LIBRARY ARCHIVES Kerala Legislative Assembly